# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: X** | **DEPARTMENT: MALAYALAM** | **DATE : 21/04/2024** |
| **Worksheet-2** | **Lesson: കടൽത്തീരത്ത്** | **Topic: OTQ** |

1. 'കടൽത്തീരത്ത്' എന്ന കഥ എഴുതിയത് ആര് ?

   ..............................................................................................................................

2. 'കടൽത്തീരത്ത്' എന്ന കഥയിലെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാം ?

   ..............................................................................................................................

3. ആരെയെല്ലാമാണ് വെള്ളായിയപ്പൻ യാത്രാമധ്യേ വഴിയിൽ കണ്ടുമുട്ടുന്നത് ?

   ..............................................................................................................................

4. വെള്ളായിയപ്പൻ ആരെ കാണാനാണ് കണ്ണൂർ ജയിലിലേക്ക് പോകുന്നത് ?

   ..............................................................................................................................

5. വെള്ളായിയപ്പന്റെ ഗ്രാമം ഏത് ?

   ..............................................................................................................................

6. 'ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി' നീണ്ടു പോകുന്നത് എന്ത് ?

   ..............................................................................................................................

7. പാഴുതറയിൽ ഉള്ളവർ വെള്ളായിയപ്പനോടോപ്പം കണ്ണൂരിലേക്ക് പോകാതിരുന്നത് എന്തുകൊണ്ട് ?

   ..............................................................................................................................

8. "ദെയിവങ്ങളേ, തമ്പിരാക്കന്മാരേ " ഇങ്ങനെ വിളിച്ചതാര് ?

   ..............................................................................................................................

9. കരിമ്പനപ്പട്ടകളിൽ ആരെല്ലാം സംസാരിക്കുന്നതു പോലെയാണ് വെള്ളായിയപ്പന് തോന്നിയത് ?

   ..............................................................................................................................

10. തോർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞി നനവിന് കാരണം എന്താകാം ?

    ..............................................................................................................................

11. എന്താണ് തോർത്തിൻ കെട്ടിലൂടെ കുതിർന്നു പിടിച്ചത് ?

    ..............................................................................................................................

12. തീവണ്ടിയാപ്പീസിലേക്ക് നടന്ന വെള്ളായിയപ്പൻ ആദ്യം ആരെയാണ് കണ്ടുമുട്ടുന്നത് ?

    ..............................................................................................................................

13. 'രണ്ടു വാക്കുകൾ, പേരുകൾ. എന്നാൽ ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പരകൾ അടങ്ങിയത്' അറിഞ്ഞത് ആരെല്ലാം ?

.................................................................................................................................................

14. വഴിമധ്യേ കണ്ട കുട്ട്യസ്സൻമാപ്പിളയോട് വെള്ളായിയപ്പൻ പറഞ്ഞതെന്ത് ?

.................................................................................................................................................

15. "എന്റെ ഉള്ളു പൊട്ടുന്നു. എന്റെ പ്രാണൻ പറിയുന്നു." ഇങ്ങനെ പറഞ്ഞത് ആര് ? ആരോടാണ് പറഞ്ഞത് ?

.................................................................................................................................................

16. "പടച്ചവൻ തുണയ്ക്കട്ടെ. മുത്തുനബി തുണയ്ക്കട്ടെ. നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ" ഇങ്ങനെ പറഞ്ഞതാര് ?

.................................................................................................................................................

17. അലക്കിയ തുണിക്കെട്ട് ചുമലിൽ ഞാത്തി എതിരെ വന്നതാര് ?

.................................................................................................................................................

18. 'രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്.' ഏതു സന്ദർഭത്തിലാണ് എഴുത്തുകാരൻ ഇങ്ങനെ പറയുന്നത് ?

.................................................................................................................................................

19. പുഴയുടെ നടുക്കെത്തിയപ്പോൾ വെള്ളായിയപ്പനെ തളർത്തിയത് എന്ത് ?

.................................................................................................................................................

20. പുഴയുടെ നടുക്കെത്തിയപ്പോൾ വെള്ളായിയപ്പൻ ഓർത്തത് എന്ത് ? or "ഇളം ചൂടുള്ള വെള്ളം, അതൊക്കെയും ഓർമ്മിപ്പിച്ചു." ഏത് ?

.................................................................................................................................................

21. മേട് കയറുവോളം വെള്ളായിയപ്പൻ എന്താണ് ചെയ്തത് ?

.................................................................................................................................................

22. യാത്രയിൽ ഒരു ഘട്ടം താണ്ടിയത് പോലെ വെള്ളായിയപ്പന് തോന്നിയത് എപ്പോൾ ?

.................................................................................................................................................

23. ഇരുണ്ട് തുടങ്ങുന്ന കരിമ്പനകൾക്ക് മുകളിലൂടെ പക്ഷികൾ പറന്നു കൂടു പറ്റുന്നത് കണ്ടപ്പോൾ വെള്ളായിയപ്പൻ ഓർത്തത് എന്തെല്ലാം ?

.................................................................................................................................................

24. "രണ്ടു ചിത്രങ്ങൾ. അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിൽ എന്നപോലെ, രണ്ടു വാക്കുകൾക്കിടയിൽ എന്നപോലെ എന്തിന്റെയൊക്കെയോ നിറവ്" ഏതു

സന്ദർഭത്തിലാണ് എഴുത്തുകാരൻ ഇങ്ങനെ അഭിപ്രായപ്പെടുന്നത് ?

.................................................................................................................................................

25. "അപരിചിതരുടെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി" ഏതു സന്ദർഭമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത് ?

.............................................................................................................................

26. “പാഴുതറയുടെ നെടുവരമ്പ് കടന്നാൽ ലോകം മുഴുവൻ അപരിചിതമാണ്” ആർക്ക് ?

.............................................................................................................................

27. റെയിൽവേ സ്റ്റേഷനിലെ ബെഞ്ചിലിരുന്ന് ഉറങ്ങിയ വെള്ളായിയപ്പനെ ഉണർത്തിയത് എന്ത് ?

.............................................................................................................................

28. മുണ്ടിന്റെ കോന്തലയിൽ നോക്കി വെള്ളായിയപ്പൻ നിജം വരുത്തിയത് എന്ത് ?

.............................................................................................................................

29. “ഞാൻ നിന്നു കൊള്ളാം. എനിക്ക് ഉറങ്ങേണ്ട. ഈ രാത്രിയിൽ എന്റെ മകൻ ഉറക്കമിളയ്ക്കുന്നു.” ഇങ്ങനെ പറയുന്ന സന്ദർഭം ഏത് ?

.............................................................................................................................

30. “മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകൾ ഉള്ള ഒരു തുരങ്കത്തിലൂടെ അതു പായുന്നു” ഏത് ?

.............................................................................................................................

***

**<u>ഉത്തരം</u>**

1. ഒ.വി.വിജയൻ
2. വെള്ളായിയപ്പൻ, മകൻ കണ്ടുണ്ണി, ഭാര്യ കോടച്ചി
3. കുട്ട്യസ്സൻ മാപ്പിള, നീലി മണ്ണാത്തി എന്നിവരെ
4. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന മകൻ കണ്ടുണ്ണിയെ കാണാൻ
5. പാഴുതറ
6. ചവിട്ടടിപ്പാത
7. തീവണ്ടി കയറാൻ പണം ഇല്ലാതിരുന്നതുകൊണ്ട്
8. വെള്ളായിയപ്പൻ
9. ഊട്ട് ദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ
10. കോടച്ചി ചോറുപൊതി കെട്ടുമ്പോൾ അതിലേക്ക് ഒരുപാട് കണ്ണുനീർ വീഴ്ത്തിയതാകാം
11. കണ്ണുനീരിന്റെ ഓതം
12. കുട്ട്യസ്സൻ മാപ്പിളയെ
13. വെള്ളായിയപ്പനും കുട്ട്യസ്സൻമാപ്പിളയും
14. “മരയ്ക്കാരേ, നിങ്ങൾക്ക് ഞാൻ പതിനഞ്ചുറുപ്പിക കടം വീട്ടാനുണ്ട് “

15. വെള്ളായിയപ്പൻ, കുട്ട്യസ്സൻ മാപ്പിളയോട്
16. കുട്ട്യസ്സൻ മാപ്പിള
17. നീലി മണ്ണാത്തി
18. വെള്ളയപ്പൻ നീലി മണ്ണാത്തിയെ  കണ്ടുമുട്ടുന്ന  സന്ദർഭം
19. കുളിയുടെ അനുഭവം
20. അപ്പന്റെ ശവത്തെ കുളിപ്പിച്ചതും മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചതും
21. കരഞ്ഞു
22. ഗുമസ്തൻ ചീട്ടെടുത്ത് അച്ചുകുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ
23. മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെയും അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന സ്വന്തം അപ്പനെയും
24. റെയിൽവേ സ്റ്റേഷനിലെ ബെഞ്ചിൽ വണ്ടിക്ക് കാത്തിരിക്കുന്ന വെള്ളായിയപ്പൻ മകനെയും അപ്പനെയും കുറിച്ച് ഓർക്കുന്ന സന്ദർഭത്തിൽ
25. വെള്ളായിയപ്പൻ റെയിൽവേ സ്റ്റേഷനിൽ കണ്ണൂരിലേക്കുള്ള ട്രെയിൻ വരുന്നതും കാത്തിരിക്കുമ്പോൾ അപരിചിതൻ ചോദ്യങ്ങൾ ചോദിക്കുന്ന സന്ദർഭം
26. വെള്ളായിയപ്പന്
27. തീവണ്ടിയുടെ ചീറ്റലും നടുക്കവും
28. തീവണ്ടിയാത്രയ്ക്കുള്ള ചീട്ട്
29. വെള്ളായിയപ്പൻ തീവണ്ടിയിൽ കണ്ണൂരിലേക്ക് യാത്ര ചെയ്യുന്ന സന്ദർഭം
30. വെള്ളായിയപ്പൻ രാത്രിയിൽ കണ്ണൂരിലേക്ക് സഞ്ചരിക്കുന്ന തീവണ്ടി

***